"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതി - സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിൽ ഒ.ഡി.എഫ് പ്ലസ് സ്ഥിതി നിലനിർത്തുന്നതിന്റെ ഭാഗമായി സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ്ങ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ടും സർട്ടിഫിക്കേഷൻ നൽകുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.624/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/02/2024-ലെ 1198/A/2024/SM നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിൽ ഒ.ഡി.എഫ് പ്ലസ് സ്ഥിതി നിലനിർത്തുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ താമസിക്കുന്നതിനുള്ള മുറികൾ വാടകയ്ക്ക് നൽകുന്ന സ്ഥാപനങ്ങൾക്ക് സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ അഞ്ചോ അതിലധികമോ താമസിക്കുന്നതിനുള്ള മുറികൾ വാടകയ്ക്ക് നൽകുന്ന ഹോട്ടലുകൾ, ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ധർമ്മശാലകൾ എന്നിവിടങ്ങളിലെ ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തി അനുവദനീയമായ മാർക്ക് നൽകി സ്വച്ഛതാ ഗ്രീൻ ലീഫ് സർട്ടിഫിക്കേഷൻ നൽകുന്ന പദ്ധതിയാണിത്. സർട്ടിഫിക്കേഷൻ നൽകുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും കമ്മിറ്റികൾ രൂപീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് മുഖേന ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിൽ ഒ.ഡി.എഫ് പ്ലസ് സ്ഥിതി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിൽ അഞ്ചോ അതിലധികമോ മുറികൾ വാടകയ്ക്ക് നൽകുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ ധർമ്മ ശാലകൾ തുടങ്ങിയവയ്ക്ക് ഗ്രീൻ ലീഫ് റേറ്റിംഗ് നൽകുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഈ ആവശ്യത്തിലേയ്ക്കായി താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള

സംസ്ഥാനതല കമ്മിറ്റി, ജില്ലാതല കമ്മിറ്റികൾ വെരിഫിക്കേഷൻ സബ്കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിനുള്ള അനുമതിയും നല്കി ഉത്തരവാകുന്നു.

**<u>സംസ്ഥനതലകമ്മിറ്റി</u>**

| | |
|---|---|
| ചീഫ് സെക്രട്ടറി | ചെയർമാൻ |
| ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ | കൺവീനർ |
| റീജിയണൽ ഡയറക്ടർ, ടൂറിസം | മെമ്പർ സെക്രട്ടറി |
| സെക്രട്ടറി, ടൂറിസം വകുപ്പ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി LSGD | മെമ്പർ |
| കമ്മിറ്റി നിശ്ചയിക്കുന്ന മറ്റ് അംഗങ്ങൾ (ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയഷൻ, ട്രാവൽ ഏജൻസ് അസോസിയഷൻ, ടൂർ ഓപ്പററ്റേഴ്സ് അസോസിയേഷൻ മുതലായവയിൽ നിന്ന്) | മെമ്പർമാർ |

**<u>ജില്ലാതല കമ്മിറ്റി</u>**

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർമാൻ |
| ഡി.ഡി.സി | വൈസ് ചെയർമാൻ |
| ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ | മെമ്പർ സെക്രട്ടറി |
| സെക്രട്ടറി, DTPC | മെമ്പർ |
| ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ് | മെമ്പർ |
| DPC യിൽ ഉൾപ്പെട്ട സർക്കാർ പ്രതിനിധി | മെമ്പർ |
| ജില്ലാ പഞ്ചായത്ത് പ്രതിനിധി | മെമ്പർ |
| ചെയർമാൻ നിശ്ചയിക്കുന്ന മറ്റ് അംഗങ്ങൾ (ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയേഷൻ, ട്രാവൽ ഏജൻസ് അസോസിയേഷൻ, ടൂർ ഓപ്പററ്റേഴ്സ് അസോസിയേഷൻ മുതലായവയിൽ നിന്ന്) | മെമ്പർമാർ |

**<u>വെരിഫിക്കേഷൻ സബ്കമ്മിറ്റി</u>**

ശുചിത്വ മിഷൻ, തദ്ദേശസ്വയം ഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ടൂറിസം വകുപ്പ്, ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ എന്നിവയിലെ ഉദ്യോഗസ്ഥർ, ടൂറിസം മേഖലയിലെ വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി സബ് ഡിവിഷൻ മജിസ്ട്രേറ്റ് വെരിഫിക്കേഷൻ സബ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാകളക്ടർമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എല്ലാ ജില്ലാ പഞ്ചായത്തുകളുടെയും സെക്രട്ടറിമാർ
സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി (WM2/ /2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 16-03-2024 13:25:39
സെക്ഷൻ ഓഫീസർ